# ദൈവീകസമാധാനം

## ഫിലിപ്പിയർ 4:7

"എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും."

ഇന്ന് നാം ആയിരിക്കുന്ന ലോകസാഹചര്യങ്ങളുടെ മദ്ധ്യത്തിൽ, യാതൊരു വേർതിരിവും ഇല്ലാതെ, എല്ലാ ജനതയും ആഗ്രഹിക്കുന്ന ഒന്നാണ് സമാധാനം. ലോകത്തിലുള്ള യാതൊന്നിനും മനുഷ്യനെ സമാധാനിപ്പിക്കാനും ആശ്വസിപ്പിക്കാനും കഴിയില്ലെന്ന്, കാലഘട്ടം തന്നെ തെളിയിച്ചു കൊണ്ടിരിക്കുമ്പോൾ, അപ്പോസ്തോലനായ പൗലോസ്, കാരാഗൃഹത്തിൽ ബന്ധനസ്ഥനായി കിടന്നു കൊണ്ട് അന്ന് ഫിലിപ്പിയയിലെ ജനതയ്ക്ക് വേണ്ടി എഴുതിയ വചനം, അതേ ജീവനോടെ ഇന്ന് നമ്മോടും സംസാരിക്കുന്നു. ഒന്നിനെക്കുറിച്ചും ഭാരപ്പെടാതെ, പ്രാർത്ഥനയോടും, സ്തോത്രത്തോടും കൂടെ ദൈവസന്നിധിയിൽ അണയുന്ന ഒരു ദൈവപൈതലിന് മാത്രം ആസ്വദിക്കുവാൻ കഴിയുന്ന സമാധാനമാണ്, ദൈവസമാധാനം. അതു കൊണ്ടാണ് അത് സകലബുദ്ധിയേയും കവിയുന്ന സമാധാനം എന്ന് പറഞ്ഞിരിക്കുന്നത്.

പ്രശ്നങ്ങളില്ലാത്ത ഒരു ജീവിതമെന്നല്ല ഇതു കൊണ്ട് നാം അർത്ഥമാക്കേണ്ടത്. എന്നാൽ സകല വൈഷമ്യങ്ങളുടെ നടുവിലും, ദൈവകരം പിടിച്ച് മുന്നോട്ട് പോകാനുള്ള ദൈവകൃപയാണ്, ദൈവസമാധാനം. ലോകത്തിന് അത് മനസ്സിലാക്കാൻ കഴിയില്ല. "ഈ ലോകത്തിൽ നമുക്ക് കഷ്ടങ്ങൾ ഉണ്ട്" എന്ന് യേശുക്രിസ്തു തന്നെ നമ്മോട് പറഞ്ഞിട്ടുണ്ട്. എന്നാൽ ലോകത്തെ ജയിച്ചവന്റെ സാനിദ്ധ്യമാണ് നമ്മോടു കൂടെയുള്ളത്. ജയകരമായി മുന്നോട്ട് നയിക്കാൻ കാര്യസ്ഥനായ പരിശുദ്ധാത്മാവ് നമ്മോട് കൂടെയുണ്ട്. ആകയാൽ, ദൈവപൈതൽ എന്തു ചെയ്യണം? കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവരായി തീരണം.

പൗലോസ് അപ്പോസ്തോലൻ ഇതു പറയുമ്പോൾ തടവറയിൽ ആയിരുന്നു എന്നു നാം ഓർക്കണം. നമ്മുടെ ജീവിതസാഹചര്യങ്ങൾ അല്ല നമ്മെ സമാധാനപ്പെടുത്തേണ്ടത്. കൊടുങ്കാറ്റടിക്കുമ്പോഴും, തിരമാലകൾ ആഞ്ഞടിക്കുമ്പോഴും, അമരക്കാരനായി യേശുവിന്റെ സാനിദ്ധ്യമാണ് നമ്മുടെ സമാധാനം. അത് അനുഭവിക്കണമെങ്കിൽ ഈ പിതാവിന്റെ സ്നേഹം രുചിച്ചറിയണം. ആ ബലമുള്ള കരത്തിൻ കീഴിൽ താണിരിക്കാൻ സാധിക്കണം. അപ്പോൾ ദാവീദിനെ പോലെ നമുക്കും പറയാൻ കഴിയും, "ഞാൻ

സമാധാനമായി കിടന്നുറങ്ങും, നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കിയത്.”

യേശുക്രിസ്തു, താൻ പിതാവിന്റെ അടുക്കലേക്ക് പോയപ്പോൾ ശിഷ്യന്മാർക്ക് സമാധാനം നൽകിയാണ് ലോകത്തിലേക്ക് അയച്ചത്. അതുപോലെ കർത്താവിന്റെ രണ്ടാം വരവിനായി കാത്തിരിക്കുന്ന നാമും ഈ സമാധാനം, നാം ആയിരിക്കുന്ന ലോകത്തിൽ അനുഭവിച്ചു കൊണ്ട് നിത്യതക്കായി ഒരുങ്ങണം. “നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയുമരുത്” എന്ന് പറഞ്ഞ യേശുവിന്റെ സമാധാനമാണ് നമ്മെ അനുദിനം അനുനിമിഷം നയിക്കേണ്ടത്. അത് അനുഭവിപ്പാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:

യോഹന്നാൻ 14:27

സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 097